കേരളസർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കുടുംബശ്രീ ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് ഭാരവാഹിഭരണസമിതി സ്ഥാനങ്ങളിലേക്കുള്ള ഇടക്കാല ഉപതെരഞ്ഞെടുപ്പ്-ചട്ടങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

തദ്ദേശ സ്വയം ഭരണ (ഐഎ)വകുപ്പ്.

സഉ.(സാധാ) നം.1764/09/തസ്വഭവ തീയതി 16/7/2009.

---

പരാമർശം. 1) 8/8/2008 ലെ സ.ഉ.(പി) നം. 222/08/തസ്വഭവ.
2) 13/10/2008 ലെ സഉ(പി) നാ.272/08 തസ്വഭവ.
3) 2/7/2009 ലെ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗതീരുമാനം.
4) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 7/7/2009 ലെ കെ.എസ്/എo/3938/09 നമ്പരിലുള്ള കുറിപ്പ്

മേൽ പരാമർശം 3-ലെ കുടുംബശ്രീ ഗവേണിംഗ് ബോഡിയോഗ തീരുമാനം അംഗീകാരം നൽകിയ പ്രകാരവും നാലാം പരാമർശിത കുറിപ്പിലൂടെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ വിവരിച്ചുള്ള പ്രകാരവും കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനങ്ങളുടെ ഇടക്കാല ഉപതെരഞ്ഞെടുപ്പുകളെ സംബന്ധിച്ച ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗ രേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡി.മോഹനപ്രസാദ്
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം.
എല്ലാ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം).
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
എല്ലാ സിഡിഎസ്/എഡിഎസ്സുകൾക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ പബ്ളിക് റിലേഷൻ വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ പ്ലാങ്ങപ്പാറ, തിരുവനന്തപുരം. ( തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

# തിതല സംഘടനാ സംവിധാനങ്ങളുടെ ഇടക്കാല - ഉപ തെരഞ്ഞെടുപ്പ് വ്യവസ്ഥകൾ

## അയൽക്കൂട്ടതലം

അയൽക്കൂട്ട തലത്തിലെ ഭരണ സമിതി, ഭാരവാഹി സ്ഥാനങ്ങളിലേക്കുള്ള ഇടക്കാല-ഉപ തെരഞ്ഞെടുപ്പുകൾ അതാത് അയൽക്കൂട്ടങ്ങളുടെ മേൽനോട്ടത്തിൽ തന്നെ നടത്താവുന്നതാണ്. അയൽക്കൂട്ട ഭരണ സമിതി, ഭാര വാഹി സ്ഥാനങ്ങളുടെ ഒഴിവുകൾ അയൽക്കൂട്ട സെക്രട്ടറി/പ്രസിഡന്റ് ബന്ധപ്പെട്ട എഡിഎസ് മുഖേന സിഡിഎസിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. അയൽക്കൂട്ട ഭരണ സമിതി നിലവില്ലാത്ത സ്ഥലങ്ങളിൽ ബന്ധപ്പെട്ട എഡിഎസാണ് ഇതു സംബ ന്ധിച്ച റിപ്പോർട്ട് സിഡിഎസിന് നൽകേണ്ടത്. അയൽക്കൂട്ടങ്ങളിലെ ഇടക്കാല-ഉപ തെരഞ്ഞെടുപ്പിനുള്ള മാർഗ്ഗനിർദേശവും, പിന്തുണയും കുടുംബശ്രീ സിഡിഎസ് ഭരണസമിതി നൽകേണ്ടതാണ്. അയൽക്കൂട്ടത്തിലെ പുതുക്കിയ അംഗത്വ രജി സ്റ്ററിനെ അടിസ്ഥാനപ്പെടുത്തിവേണം തെരഞ്ഞെടുപ്പ് നടത്തേണ്ടത്. തെരഞ്ഞെ ടുപ്പിനായി നിശ്ചയിച്ചുള്ള തീയതിക്കും 90 ദിവസം മുൻപെങ്കിലും അയൽക്കൂട്ട അംഗത്വം നേടിയിട്ടുള്ളതും, സമ്പാദ്യ വായ്പാ പ്രവർത്തനങ്ങൾ ആരംഭിച്ചി ട്ടുള്ളതുമായ അയൽക്കൂട്ട അംഗങ്ങൾക്കു മാത്രമെ പ്രസ്തുത ഇടക്കാല ഉപ-തെര ഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കുന്നതിന് അർഹതയുള്ളു. അയൽക്കൂട്ട ഇടക്കാ ല- ഉപ തെരഞ്ഞെടുപ്പിനുള്ള തീയതി മെമ്പർ സെക്രട്ടറി നിശ്ചയിക്കേണ്ടതാണ്. ഇടക്കാല- ഉപ തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അയൽക്കൂട്ട അദ്ധ്യക്ഷയ്ക്കുള്ള പരിശീലനം കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടേയോ, സിഡിഎസ് അക്കൗ ണ്ടന്റിന്റേയോ നേതൃത്വത്തിൽ ലഭ്യമാക്കേണ്ടതാണ്. തെരഞ്ഞെടുപ്പിനാവശ്യമായ ഫോർമേറ്റുകളും, മറ്റ് ആവശ്യമായ രേഖകളും സിഡിഎസ് ലഭ്യമാക്കണം. തെര ഞ്ഞെടുപ്പ് ചട്ടത്തിൽ അനുശാസിച്ചിട്ടുള്ള വ്യവസ്ഥകളും, നടപടിക്രമങ്ങളും പാലി ച്ചുവേണം ഭരണസമിതി, ഭാരവാഹി സ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ നടത്തേണ്ടത്.

## എ.ഡി.എസ്. തലം

### a) എഡിഎസ് ഭരണസമിതിയിലെ ഇടക്കാല ഒഴിവുകൾ നികത്തുന്നതിനുള്ള തെരഞ്ഞെടുപ്പ്

എ.ഡി.എസ് തലത്തിലെ ഇടക്കാല ഉപ തെരഞ്ഞെടുപ്പുകളുടെ നിരീ ക്ഷക(ൻ) ചുമതല കുടുംബശ്രീ മെമ്പർ സെക്രട്ടറിക്കായിരിക്കും. എഡിഎസ് ഭര ണസമിതി സ്ഥാനത്തേക്കുള്ള ഒഴിവുകൾ സംബന്ധിച്ച് വിശദാംശങ്ങൾ എഡി എസ് സെക്രട്ടറി/പ്രസിഡന്റ് സിഡിസിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഭരണസമിതി സ്ഥാനം ഒഴിവ് വന്ന് 15 ദിവസത്തിനുള്ളിൽ ഇത് സംബന്ധിച്ച അറിയിപ്പ് രേഖാ മൂലം സിഡിഎസിന് നൽകണം. തുടർന്ന് എഡിഎസ് ഭരണസമിതി അംഗത്തെ തെരഞ്ഞെടുക്കുന്നതിന് പ്രസ്തുത എഡിഎസിന്റെ ജനറൽ ബോഡി യോഗം സിഡിഎസ് മെമ്പർ സെക്രട്ടറി വിളിച്ചു ചേർക്കണം. ജനറൽ ബോഡി യോഗ ത്തിന്റെ തീയതിയും, സമയവും സിഡിഎസ് മെമ്പർ സെക്രട്ടറി നിശ്ചയിച്ചയിക്ക ണം. ജനറൽ ബോഡി യോഗത്തിന്റെ അറിയിപ്പ് എല്ലാ ജനറൽ ബോഡി അംഗ ങ്ങൾക്കും മെമ്പർ സെക്രട്ടറി നൽകണം. തുടർന്ന് തെരഞ്ഞെടുപ്പ് ചട്ടത്തിൽ അനുശാസിച്ചിട്ടുള്ള മാർഗ്ഗനിർദേശങ്ങളും, നടപടി ക്രമങ്ങളും പാലിച്ച് എഡിഎസ് ഭരണസമതി അംഗത്തെ തെരഞ്ഞെടുക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് പൂർത്തീക

രിച്ചു കഴിഞ്ഞാൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ സിഡിഎസ് മെമ്പർ സെക്രട്ടറി അറിയിക്കേണ്ടതാണ്.

**b)എഡിഎസ് ഭരണസമിതി നിലവില്ലാത്ത സ്ഥലങ്ങളിൽ എഡിഎസ് ഭരണ സമതി രൂപീകരിക്കുന്നതിനുള്ള ഇടക്കാല തെരഞ്ഞെടുപ്പുകൾ.**

എഡിഎസ് ഭരണസമിതി നിലവില്ലാത്ത സ്ഥലങ്ങളിൽ എഡിഎസ് ഭരണ സമതിയിലേക്കുള്ള ഇടക്കാല തെരഞ്ഞെടുപ്പുകൾ നടത്തിക്കേണ്ട ഉത്തരവാദിത്വം സിഡിഎസിന്റേതാണ്. ഇതിനായി സിഡിഎസ് മെമ്പർ സെക്രട്ടറി എഡിഎസ് തെരഞ്ഞെടുപ്പിനുള്ള തീയതിയും, സമയവും നിശ്ചയിക്കണം. തുടർന്ന് തെരഞ്ഞെടുപ്പിനായി എഡിഎസ് ജനറൽ ബോഡി യോഗം വിളിച്ചു ചേർക്കണം. യോഗത്തെ സംബന്ധിച്ച അറിയിപ്പ് സിഡിഎസ് മെമ്പർ സെക്രട്ടറി ബന്ധപ്പെട്ട എഡിഎസ് ജനറൽ ബോഡി അംഗങ്ങൾക്ക് നൽകണം. തെരഞ്ഞെടുപ്പ് ചട്ടങ്ങളിൽ അനുശാസിച്ചിട്ടുള്ള നടപടിക്രമങ്ങളും, മാർഗ്ഗനിർദേശങ്ങളും പാലിച്ചു വേണം തെരഞ്ഞെടുപ്പ് പൂർത്തീകരിക്കേണ്ടത്.

**c)എഡിഎസ് ഭാരവാഹി സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പ്.**

എഡിഎസ് ഭരണ സമിതിയിലെ എഡിഎസ് ചെയർപേഴ്സൺ/വൈസ്ചെയർപേഴ്സൺ/സെക്രട്ടറി എന്നീ ഭാരവാഹി സ്ഥാനങ്ങളിലേക്കുള്ള ഒഴിവുകൾ ബന്ധപ്പെട്ട എഡിഎസ് ഭരണസമിതിയിയിൽ നിന്നും നികത്തേണ്ടതാണ്. ഇതിനായി ഭാരവാഹി സ്ഥാനം ഒഴിവുവന്ന് 10 ദിവസത്തിനുള്ളിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ സിഡിഎസ് മെമ്പർ സെക്രട്ടറിക്ക് എഡിഎസ് നൽകണം. ഇതിനുസൃതമായി ഭാരവാഹി തെരഞ്ഞെടുപ്പിനുള്ള എഡിഎസ് ഭരണസമിതി യോഗത്തിന്റെ തീയതിയും, സമയവും മെമ്പർ സെക്രട്ടറി നിശ്ചയിക്കണം. പ്രസ്തുത എഡിഎസ് ഭരണസമിതി യോഗത്തിൽ മെമ്പർ സെക്രട്ടറി നിരീക്ഷക(ൻ) ആയി പങ്കെടുക്കണം. എഡിഎസ് ഭാരവാഹി സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചു കഴിഞ്ഞാൽ ഇതു സംബന്ധിച്ച വിവരം മെമ്പർ സെക്രട്ടറി ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ(ൻ) റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എഡിഎസ് ഭരണസമിതി-ഭാരവാഹി സ്ഥാനങ്ങളിലേക്കുള്ള ഇടക്കാല- ഉപ തെരഞ്ഞെടുപ്പുകൾക്കാവശ്യമായ ഫോറങ്ങളും, രേഖകളും മെമ്പർ സെക്രട്ടറി ലഭ്യമാക്കേണ്ടതാണ്.

**d)സിഡിഎസ് ഭരണസമിതിയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള ഇടക്കാല തെരഞ്ഞെടുപ്പ്**

സിഡിഎസിലെ ഭരണസമിതി സ്ഥാനം ഒഴിവു വന്നാൽ പ്രാതിനിധ്യ സ്വഭാവം നഷ്ടമായ എഡിഎസിൽ നിന്നും വേണം ആ കുറവ് നികത്തേണ്ടത്. ഇതിനായി പ്രാതിനിധ്യ സ്വഭാവം നഷ്ടമായ എഡിഎസ് ഭരണസമിതിയുടെ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. ഭരണസമിതി യോഗത്തിന്റെ തീയതിയും, സമയവും കുടുംബശ്രീ മെമ്പർ സെക്രട്ടറി നിശ്ചയിക്കണം. പ്രസ്തുത ഭരണസമിതി യോഗത്തിൽ കുടുംബശ്രീ മെമ്പർ സെക്രട്ടറി നിരീക്ഷക(ൻ) ആയി പങ്കെടുക്കണം. സിഡിഎസ് ഭരണസമിതിയിലേക്കുള്ള അംഗത്തെ തെരഞ്ഞെടുത്ത് കഴിഞ്ഞാൽ പ്രസ്തുത വിവരം മെമ്പർ സെക്രട്ടറി കുടുംബശ്രീ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ(ൻ)ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എഡിഎസ് തലത്തിലെ ഭരണസമിതി, ഭാരവാഹി സ്ഥാനങ്ങളിലേക്കുള്ള ഇടക്കാല ഉപ തെരഞ്ഞെടുപ്പുകളെ സംബന്ധിച്ചുള്ള പരാതികൾ തെരഞ്ഞെടുപ്പ് പൊതുയോഗാനന്തരം 5 ദിവസത്തിനുള്ളിൽ സിഡിഎസ് മെമ്പർ സെക്രട്ടറിക്ക് നൽകേണ്ടതാണ്. മെമ്പർ സെക്രട്ടറിയുടെ തീരുമാനത്തിന്മേൽലുള്ള അപ്പീലുകൾ 5 ദിവസത്തിനകം കുടുംബശ്രീ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ(ൻ)ക്ക് നൽകേണ്ടതാണ്. ഇതിന്മേലുള്ള ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ(ൻ)യുടെ വിധി തീർപ്പ് അന്തിമമായിരിക്കും.

എഡിഎസ് ഇടക്കാല ഉപ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവുകൾ സിഡിഎസിന് ലഭ്യമായ ഭരണ നിർവ്വഹണ ഗ്രാന്റിൽ നിന്നും വിനിയോഗിക്കാവുന്നതാണ്..

**സിഡിഎസ് ഭാരാവാഹി സ്ഥാനത്തേക്കുള്ള ഇടക്കാല തെരഞ്ഞെടുപ്പുകൾ**

സിഡിഎസ് ചെയർപേഴ്സൺ/വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങളിലേക്കുള്ള ഇടക്കാല - ഉപ തെരഞ്ഞെടുപ്പുകൾക്ക് മേൽനോട്ടം വഹിക്കേണ്ട ചുമതല കുടുംബശ്രീ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ(ൻ)യുടേതാണ്. സിഡിഎസിലെ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ സ്ഥാനം ഒഴിവ് വന്നാൽ ഇതു സംബന്ധിച്ച വിവരം കുടുംബശ്രീ മെമ്പർ സെക്രട്ടറി കുടുംബശ്രീ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ(ൻ)ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. സ്ഥാനം ഒഴിവ് വന്ന് 10 ദിവസത്തികം വിവരം റിപ്പോർട്ട് ചെയ്യണം. തുടർന്ന് സിഡിഎസിലെ ഭാരവാഹി സ്ഥാന തെരഞ്ഞെടുപ്പിനായി ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ(ൻ)ക്ക് തെരഞ്ഞെടുപ്പ് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കും വിധം ഒരു വരണാധികാരിയേയും, അസി. വരണാധികാരിയേയും ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. തുടർന്ന് സിഡിഎസ് ഭാരവാഹിസ്ഥാത്തേക്കുള്ള തെരഞ്ഞെടുപ്പ് തീയിതിയും, സമയവും വരണാധാകാരി നിശ്ചയിക്കണം. തെരഞ്ഞെടുപ്പ് സംബന്ധിച്ച അറിയിപ്പ് തദ്ദേശഭരണ സമിതിയുടെ നോട്ടീസ് ബോർഡിലും പതിക്കണം. തുടർന്ന് തെരഞ്ഞെടുപ്പ് നടപടി ചട്ടത്തിൽ അനുശാസിച്ചിട്ടുള്ള നടപടിക്രമങ്ങളും, മാർഗ്ഗനിർദേശങ്ങളും പാലിച്ച് സിഡിഎസ് ഭാരവാഹിസ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചു കഴിഞ്ഞാൽ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ(ൻ)ക്ക് വിവരം റിപ്പോർട്ട് ചെയ്യണം. സിഡിഎസ് ഭാരവാഹി സ്ഥാനങ്ങളിലേക്കുള്ള ഇടക്കാല- ഉപ തെരഞ്ഞെടുപ്പുകളെ സംബന്ധിച്ച പരാതികൾ തീർപ്പാക്കുന്നതിന് തെരഞ്ഞെടുപ്പ് ചട്ടത്തിൽ അനുശാസിച്ചിട്ടുള്ള മാർഗ്ഗരീതിയും, നടപടിക്രമവും അനുവർത്തിക്കേണ്ടതാണ്.

ത്രിതല സംഘടനാ സംവിധാനങ്ങളുടെ ഇടക്കാല- ഉപ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ അതത് സംഘടനാ തലത്തിലെ ഭരണ സമിതി - ഭാരവാഹി സ്ഥാനം ഒഴിവ് വന്ന് 30 ദിവസത്തിനകം പൂർത്തീകരിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ